# പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

# 2026 – 27
# സാമ്പത്തിക വർഷത്തെ

# ബജറ്റ്



# <u>പള്ളിക്കൽ ഗ്രാമപഞ്ചായത്ത്</u>
# <u>ബജറ്റ് പ്രസംഗം 2026 - 27</u>

ബഹുമാന്യനായ അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. സാബിറ കെ, വേദിയിൽ സന്നിഹിതരായ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, പഞ്ചായത്ത് സെക്രട്ടറി ഷമിൽ ഇ, ഭരണസമിതി അംഗങ്ങൾ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ, അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, പത്രപ്രവർത്തകർ, മറ്റ് ബഹുമാന്യ വ്യക്തിത്വങ്ങളെ,

*ഏവർക്കും എന്റെ നമസ്കാരം*

പെരുമ കൊണ്ടും സംസ്കാരം കൊണ്ടും ഇതര ദേശങ്ങളെ പിന്തള്ളി വികസനത്തിന്റെ ഭൂമികയിലേക്ക് അതിവേഗം മുന്നേറുന്ന നാടായി പള്ളിക്കൽ മാറിയിരിക്കുന്നു. അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രൗഢിയും വൈജ്ഞാനപ്രഭ ചൊരിയുന്ന ഉന്നത സർവ്വകലാശാലയുടെ ഗരിമയും അടയാളപ്പെടുത്തുന്ന നാടിനെ വികസന പാന്ഥാവിലേക്ക് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് നാം ഒരുക്കേണ്ടത്. പള്ളിക്കലിന്റെ ചലനാത്മകഥയെ നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള  ബജറ്റ് അവതരിപ്പിക്കുന്നത്.

പള്ളിക്കൽ അതിന്റെ പുരോഗതിയെ അടയാളപ്പെടുത്തുമ്പോൾ ഉത്ബുദ്ധരായ ഗ്രാമവാസികൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ നാം ഒരുക്കേണ്ടതുണ്ട്. ഗ്രാമവികസനത്തിന്റെ മുഖ്യചാലകശക്തിയായ ഗതാഗതത്തിന് പ്രധാന ഊന്നൽ നൽകിയാണ് കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്ത് പ്രവർത്തിച്ചത്. അതിന്റെ ഫലമായി ടാറിട്ട റോഡുകളും കോൺക്രീറ്റ് റോഡുകളും പാലങ്ങളും കൈവരികളും മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി നാടിനെ മുന്നോട്ടു നയിക്കാൻ സഹായകരമായി.

പള്ളിക്കലിന്റെ സമഗ്രമായ വികസനത്തിലേക്കുള്ള യാത്ര തുടരുകയാണ്. വലിയ വാഗ്ദാനങ്ങൾ ഇല്ലാതെ സാധാരണക്കാരന്റെ ജീവിത സ്വപ്നങ്ങളെ തിരിച്ചറിഞ്ഞ് അവർക്ക് കൈത്താങ്ങാവുന്ന വിധത്തിലാണ് ഈ ബജറ്റ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. ഗ്രാമവാസികൾക്ക് വൃത്തിയുള്ളതും നിലവാരമുള്ളതുമായ ജീവിത ചുറ്റുപാടുകൾ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യം ഓരോ നിർദ്ദേശങ്ങളിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

*"ഉളിയടികളോ ചുറ്റികയടികളോ അല്ല*

*പുഴയുടെ നൃത്തച്ചുവടുകളത്രേ*

*വെള്ളാരം കല്ലുകളെ മിനുക്കിയെടുക്കുന്നത് "*

എന്ന രവീന്ദ്രനാഥ ടാഗോറിന്റെ വരികൾ പോലെ പള്ളിക്കൽ എന്ന ഈ ഗ്രാമത്തെ നമുക്ക് മിനുക്കിയെടുക്കാം. അത്യുജ്ജ്വല വിജയത്തോടെ അധികാരത്തിലേറ്റ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണിത്. ഈ ബജറ്റിലെ നിർദ്ദേശങ്ങൾ പൂർണമായും നടപ്പിലാക്കുന്നതിന് നിങ്ങളോരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 2026-27 സാമ്പത്തിക വർഷത്തെ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ബജറ്റ് ധനകാര്യ സ്ഥിരം സമിതിക്ക് വേണ്ടി ബഹുമാനപ്പെട്ട ഭരണസമിതി മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നു.

<u>ഗതാഗതം</u>

കേവലമൊരു യാത്രോപാധി എന്നതിനപ്പുറം സാമ്പത്തിക വളർച്ച, സാമൂഹ്യനീതി, സംസ്കാരം എന്നിവയിലേക്കുള്ള ശക്തമായ മാർഗ്ഗമാണ് ഗതാഗത മേഖല. ആ നിലയിൽ നമ്മുടെ റോഡുകളും ഗതാഗത സംവിധാനങ്ങളും യാത്രാവഴിയും ഉപാധിയും എന്നതിലുപരി ചലനാത്മകമായ സാമൂഹിക ഇടങ്ങളായി പുനർ നിർവചിക്കേണ്ടത് അനിവാര്യമാണ്. ഏതൊരു സാധാരണക്കാരനും ഗതാഗത സംവിധാനങ്ങളെ പ്രാപ്യമാകുന്നതിലൂടെ മാത്രമേ റോഡുകളെ സാമൂഹിക ഇടങ്ങളാക്കി മാറ്റിയെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

പ്രധാന റോഡുകളായ പള്ളിക്കൽ - കൂനോൾമാട്, കരിപ്പൂർ - ആൽപറമ്പ് - പള്ളിക്കൽ റോഡുകൾ 'BM&BC' തലത്തിലേക്ക് മാറി എന്നത് സന്തോഷകരമാണ്. ഇതിനുവേണ്ടി പ്രവർത്തിച്ച പി അബ്ദുൽ ഹമീദ് എംഎൽഎ യെ അഭിനന്ദിക്കുന്നു .

പള്ളിക്കൽ - കോളേജ് റോഡ് - പുത്തൂർ പള്ളിക്കൽ, പള്ളിക്കൽ - പരുത്തിക്കോട് റോഡ്, പുളിയംപറമ്പ് - കോട്ടാശ്ശേരി റോഡ്, കാവുപടി - ഓട്ടുപാറ എന്നീ റോഡുകളും 'BM&BC' ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

പൊതു ഗതാഗത സൗകര്യങ്ങളുടെ വിപുലീകരണവും എളുപ്പത്തിലുള്ള പ്രാപ്യവും കൈവരിക്കാൻ പഞ്ചായത്ത് റോഡുകൾ നവീകരിക്കാനും നിർമ്മിക്കാനും വേണ്ടി ആറു കോടി രൂപ (6,00,00,000) വകയിരുത്തുന്നു.

കേന്ദ്ര-കേരള സർക്കാർ, എം.പി, എം.എൽ.എ ഫണ്ടുകൾ, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഉപയോഗിച്ചും പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തും.

<u>ഓട്ടോസ്റ്റാന്റുകൾ</u>

നാടിന്റെ ഗതാഗതത്തിൽ ഓട്ടോറിക്ഷകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യാനായി ആധുനികമായ ഒരു സംവിധാനം നിലവിൽ നമുക്കില്ലാത്തതിനാൽ റോഡുകൾ കേന്ദ്രീകരിച്ചാണ് ഓട്ടോസ്റ്റാന്റുകൾ പ്രവർത്തിക്കുന്നത്. ഇവയുടെ പാർക്കിംഗ് പ്രത്യേകം മാർക്ക് ചെയ്തു ക്രമീകരിക്കും.

<u>സദ്ഭരണം</u>

ജനശബ്ദത്തിന്റെ ശക്തിയും പ്രസക്തിയും പ്രതിഫലിപ്പിക്കുന്ന അടിസ്ഥാനവേദി എന്നതിനപ്പുറം അവന്റെ ജനാധിപത്യപരമായ അടിസ്ഥാന ആവശ്യങ്ങൾ സേവന രൂപത്തിൽ അതിവേഗം നിറവേറ്റി കൊടുക്കേണ്ട സ്ഥാപനമാണ് പഞ്ചായത്ത്. ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയതോടെ പലതലങ്ങളിൽ നിലനിന്ന ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾക്ക് വിരാമം ആയെങ്കിലും സാധാരണ പൗരന് അവൻ അർഹിക്കുന്ന സേവനം യഥാസമയം ലഭിക്കുന്നുണ്ടോ എന്നതാണ് ഏറ്റവും വലിയ ചോദ്യം. പഞ്ചായത്ത് ഓഫീസ് പ്രവർത്തനവും അന്തരീക്ഷവും കൂടുതൽ മികവുറ്റതാക്കണമെന്ന് ഭരണസമിതി വിലയിരുത്തുന്നു .

സദ്ഭരണ നിർവഹണം ലക്ഷ്യമിടുന്ന പരിവർത്തന ഭരണോദ്യമം എന്ന വിശാലമായ കാഴ്ചപ്പാടാണ് ഭരണസമിതിക്കുള്ളത്.

മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള മാറ്റം അനിവാര്യമാക്കാനായി പഞ്ചായത്ത് ഓഫീസ് സംവിധാനങ്ങൾ ഗ്രൗണ്ട് ഫ്ലോറിലേക്ക് മാറ്റും. ആധുനിക രീതിയിൽ ഓഫീസ് സജ്ജീകരിക്കാനായി 20 ലക്ഷം രൂപ (20,00,000) വകയിരുത്തുന്നു.

<u>കാർഷികം</u>

*"കാലം പിന്നിടുമ്പോൾ പലതും നമുക്ക് അന്യമാകുന്നു"*

ചെടിയോടും മണ്ണിനോടും അകലുന്ന മലയാളികൾക്ക് കൃഷി എത്രമാത്രം അന്യമാവുന്നു എന്നത് ചർച്ചകൾക്ക് പലപ്പോഴും വിധേയമാക്കിയതാണ്. കാർഷിക വിപണനവും കൂലി ചെലവും കാർഷികവൃത്തിയിൽ നിന്നും കർഷകരെ പിറകോട്ട് അടിപ്പിക്കുകയാണ്.

രാജ്യത്തെ കാർഷിക വസ്തുക്കളുടെ കയറ്റുമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വിമാനത്താവളത്തിൽ പ്രധാനമാണ് കരിപ്പൂർ വിമാനത്താവളം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവ ശേഖരിച്ചാണ് കയറ്റുമതി ചെയ്യുന്നത്. നമ്മുടെ മണ്ണിലെ വിയർപ്പിന് അന്താരാഷ്ട്ര വിപണിയിൽ അർഹമായ വില ഉറപ്പാക്കാൻ, കാർഷികപ്പെരുമ തിരിച്ചുപിടിക്കാനുള്ള പദ്ധതികൾ അനിവാര്യമാണ്.

തങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭിക്കാത്തത് മൂലം , കൃഷി നഷ്ടക്കച്ചവടമാവുകയും  കർഷകർ ഈ മേഖലയിൽ നിന്ന് തന്നെ പിന്തിരിയുകയും നമ്മുടെ ഫലഭൂയിഷ്ഠമായ മണ്ണ് തരിശായി മാറുകയും ചെയ്ത് കൊണ്ടിരിക്കുന്നു. കരിപ്പൂർ കാർഗോ കോംപ്ലക്സ് കേന്ദ്രീകരിച്ച് കൊണ്ട്  കർഷകർക്ക് ഇടനിലക്കാരരുടെ ചൂഷണമില്ലാതെ വിദേശത്തേക്ക് ഉൽപ്പന്നങ്ങൾ അയക്കാൻ കരിപ്പൂർ

വിമാനത്താവളം കേന്ദ്രീകരിച്ച് ആധുനിക  സംവിധാനങ്ങളുള്ള ഒരു എക്സ്പോർട്ട് കൂട്ടായ്മ രുപീകരിക്കും. പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ കാർഷികോല്പന്നങ്ങൾ തദ്ദേശീയരായ കർഷകരിൽ നിന്നും ശേഖരിച്ച് കരിപ്പൂർ വിമാനത്താവളവുമായി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കയറ്റുമതി സ്ഥാപനങ്ങൾക്ക് നമ്മുടെ ദേശത്തെ

കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ നൽകി കാർഷിക രംഗം സജീവമാക്കാൻ ബജറ്റിൽ നിർദ്ദേശം സമർപ്പിക്കുന്നു. കാർഷിക പദ്ധതികൾക്കായി 31 ലക്ഷം രൂപ (31,00,000) വകയിരുത്തുന്നു.

ആധുനിക കാലത്തും ആധുനിക ജീവിതക്രമത്തിലും ഭക്ഷണത്തിന്റെ പരിശുദ്ധി ഉറപ്പാക്കുന്നതിനും പ്രാഥമിക രോഗങ്ങളുടെ ശമനത്തിനുമായി ഗൃഹാംങ്കണങ്ങളിൽ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യകൃഷി പ്രോത്സാഹിപ്പിക്കാൻ 2 ലക്ഷം രൂപ (2,00,000) വകയിരുത്തുന്നു.

*"ആന്ധ്രയിൽ നിന്ന് വരുന്ന ചരക്കു വണ്ടിയുടെ പാളം തെറ്റിയാൽ താളം തെറ്റുന്നതാവരുത് നമ്മുടെ അന്നാഹാരം"* എന്നൊരു പ്രയോഗമുണ്ട്. നെൽകൃഷി മെല്ലെ മെല്ലെ അപ്രത്യക്ഷമാകുന്ന നാടാണ് നമ്മുടേത്. കൃഷി നഷ്ടമാണെന്ന് പറഞ്ഞാണ് കർഷകർ കൃഷിയിൽ നിന്ന് വഴിമാറി നടക്കുന്നത്. നെൽകൃഷി വികസനത്തിനായി നാല് ലക്ഷത്തി അറുപതിനായിരം രൂപ (4,60,000) വകയിരുത്തുന്നു.

*" നെൽകൃഷി വികസിക്കട്ടെ കൂടെ കർഷകന്റെ ആദായവും "*

<u>"പൂവിളി"</u>

ആഘോഷങ്ങൾക്ക് നിറമേകാൻ പൂക്കൾ ആവശ്യമാണ്. പുഷ്പ കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് " പൂവിളി " പദ്ധതി നടപ്പാക്കും. ഒരു ലക്ഷത്തി അമ്പതിനായിരം രൂപ (1,50,000) ഇതിനായി വകയിരുത്തുന്നു. തെങ്ങ് കൃഷി വികസനത്തിനായി 7 ലക്ഷം രൂപയും (7,00,000) വാഴകൃഷി പ്രോത്സാഹനത്തിന് 9 ലക്ഷം രൂപയും (9,00,000) പയർ എള്ള് വിത്ത് വിതരണത്തിന് 2 ലക്ഷം രൂപയും (2,00,000) കിഴങ്ങ് കൃഷി വികസനത്തിനായി മൂന്നു ലക്ഷം രൂപയും (3,00,000) ബജറ്റിൽ വകയിരുത്തുന്നു.

കാർഷിക ജോലികൾക്ക് ആവശ്യമായ പണിക്കാരെ ലഭിക്കാത്ത അവസ്ഥയെ മറികടക്കാൻ കാർഷിക സേവനങ്ങൾക്ക് സബ്സിഡി നൽകാൻ രണ്ടുലക്ഷം രൂപ (2,00,000) നീക്കിവെക്കുന്നു.

ഭവനനിർമ്മാണം

നേരത്തെ പഞ്ചായത്ത് നടപ്പാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികളും മറ്റു വകുപ്പുകളുടെ പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് സർക്കാറിന്റെ പദ്ധതിയായാണ് ലൈഫ് മിഷൻ പദ്ധതിയെ പ്രഖ്യാപിച്ചത്. 2017-18 ൽ ആരംഭിച്ച പദ്ധതിയിൽ 2021 വരെയാണ് ഗുണഭോക്താക്കളെ നിശ്ചയിച്ചത്. കഴിഞ്ഞ അഞ്ചുവർഷമായി പദ്ധതിക്ക് പുതിയ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തത് നിരവധി കുടുംബങ്ങളുടെ ഭവനം എന്ന ആവശ്യം നടപ്പാക്കാൻ സാധിക്കാതെ വരുന്നു.

ലൈഫ് മിഷനിൽ ഭവന പദ്ധതിക്ക് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം 1 ലക്ഷം രൂപയും ബാങ്ക് വായ്പയും തദ്ദേശവിഹിതം മൂന്നുലക്ഷം രൂപയും ആണ്. ബാങ്ക് വായ്പ തദ്ദേശസ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കുന്നത്. ഇതിനകം 450 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകി. ഈ വർഷം ലൈഫ് പദ്ധതിക്കും വീട് നവീകരരണത്തിനും ഒരു കോടി 35 ലക്ഷം രൂപ(1,35,00,000) വകയിരുത്തുന്നു.

സ്ത്രീശാക്തീകരണം

സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിലൂടെ മാത്രമേ സ്ത്രീശാക്തീകരണം യാഥാർത്ഥ്യമാവുകയുള്ളൂ. സ്ത്രീകളെ വികസനത്തിന്റെ പ്രധാന ചാലകശക്തിയായി കണ്ട് ലിംഗനീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

സ്ത്രീ സൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് എത്താൻ സാധിക്കണം. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ പ്രഖ്യാപിക്കുന്നു.

സാമ്പത്തിക സ്വാതന്ത്ര്യം

സ്ത്രീകളെ സാമ്പത്തിക സ്വാതന്ത്ര്യം ഉള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ സംരംഭങ്ങൾ വ്യക്തിപരവും സംഘവുമായി സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് കൈക്കൊടുക്കും. വനിതകൾക്ക് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 40 ലക്ഷം രൂപ (40,00,000) വകയിരുത്തുന്നു.

ആർത്തവകാലത്ത് സ്ത്രീകൾ ഉപയോഗിക്കുന്ന ഒരു സംവിധാനമാണ് മെൻസ്ട്രുവൽക്കപ്പ്. 12 മണിക്കൂർ തുടർച്ചയായി ഉപയോഗിക്കാൻ പറ്റുന്ന ഇത് 10 വർഷക്കാലം വരെ ഉപയോഗിക്കാനാവും. ശരിയായി ഉപയോഗിച്ചാൽ ആർത്തവകാലത്ത് ഏറ്റവും സുരക്ഷിതവും സൗകര്യപ്രദവുമായ മെൻസ്ട്രുവൽക്കപ്പ് സ്ത്രീകളിലേക്ക് എത്തിക്കുന്നതിനായി 5 ലക്ഷം രൂപ (5,00,000) വകയിരുത്തുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ, പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ജാഗ്രത സമിതികൾ രൂപീകരിക്കും. കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കും. ഇതിനായി ആറ് ലക്ഷം രൂപ (6,00,000) വകയിരുത്തുന്നു.

*"ചവിട്ടാൻ, നിങ്ങൾക്ക് ചിലപ്പോൾ പൂജിക്കാൻ*
*പരക്കെ പുച്ഛിക്കാൻ, പരിത്യജിക്കുവാൻ*
*തുണയ്ക്ക് കൈകോർത്തു നടക്കാൻ, മക്കളെ*
*പിടയ്ക്കും നെഞ്ചത്ത് കിടത്തി പോറ്റുവാൻ*
*ഇവൾക്ക് മാത്രമായൊരു ജന്മം"*

സുഗതകുമാരിയുടെ ഈ വരികൾ സ്ത്രീയുടെ അവസ്ഥയെ വരച്ചു കാണിക്കുന്നു.

കുടുംബശ്രീയുമായി ചേർന്ന് കൂടുതൽ പ്രവർത്തനങ്ങളും പദ്ധതികളും രൂപീകരിക്കും. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ എല്ലാ സ്ത്രീകളെയും പങ്കാളികളാക്കാൻ ശ്രമിക്കും.

ജനാധിപത്യ സംവിധാനത്തിലൂടെ അധികാരം ഏറ്റ കുടുംബശ്രീ സി.ഡി.എസ് ഭാരവാഹികളെ പ്രത്യേകം അഭിനന്ദിക്കുന്നു

കുടുംബശ്രീക്ക് പ്രവർത്തിക്കാൻ കൂടുതൽ സൗകര്യപ്രദമായ ഓഫീസ് സംവിധാനം ഒരുക്കി നൽകും. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീയെ ചേർത്തു നിർത്തും.

## ഗ്രാമകേന്ദ്രങ്ങൾ മിനി പഞ്ചായത്ത് ഓഫീസുകൾ

സേവനങ്ങൾ വീടുകൾക്കരികെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കും. ഇവയെ ആധുനികവൽക്കരിച്ച് മിനി പഞ്ചായത്ത് ഓഫീസുകളായി പരിവർത്തിപ്പിക്കും.

ഏതൊരാൾക്കും പഞ്ചായത്ത് ഓഫീസിൽ വരാതെ സേവനങ്ങൾ ഗ്രാമകേന്ദ്രം വഴി ലഭ്യമാക്കുന്ന പദ്ധതികൾക്കായി 16 ലക്ഷം രൂപ (16,00,000) വകയിരുത്തുന്നു. സംസ്ഥാനത്ത് ഇതാദ്യമായാണ് ഒരു തദ്ദേശസ്ഥാപനം ഇത്തരം ഒരു പദ്ധതി വിഭാവനം ചെയ്യുന്നത്.

## വായന വളർത്തുക

അറിവിന്റെയും അറിവില്ലായ്മയുടെയും അതിരുകൾ മായ്ച്ചു കളയുന്ന, ചിന്തയെ ഉത്തേജിപ്പിക്കുന്ന പ്രക്രിയയാണ് വായന. ലോകത്തെ പുതിയ കാഴ്ചപ്പാടുകളിലൂടെ കാണാനും വ്യക്തിത്വ വികസനത്തിനും അനിവാര്യമായ വായന പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ദിനപത്രങ്ങൾ നൽകും. പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്കും ദിനപത്രങ്ങൾ നൽകും. ഇതിനായി മൂന്നു ലക്ഷം രൂപ (3,00,000) വകയിരുത്തുന്നു.

## മാലിന്യ സംസ്ക്കരണം

ആരോഗ്യപരമായ ചുറ്റുപാടും പരിസ്ഥിതി സന്തുലിതാവസ്ഥയും ഉറപ്പാക്കാൻ ശരിയായ മാലിന്യ സംസ്കരണം അത്യാവശ്യമാണ്.

മാലിന്യങ്ങളുടെ പുനരുപയോഗം, പുനരുത്പാദനം എന്നിവ വഴി അസംസ്കൃത വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും.

പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി മാലിന്യ സംസ്കരണമാണ്. നമ്മുടെ ഹരിത കർമ്മ സേന വിപുലപ്പെടുത്തേണ്ടതുണ്ട്. നിലവിലെ വളണ്ടിയർമാരെ ഉപയോഗിച്ച് വീടുകളിൽ നിന്നുള്ള ശേഖരണം കാര്യക്ഷമമായി നടത്താൻ കഴിയുകയില്ല. കൂടുതൽ വളണ്ടിയർമാരെ ചേർത്ത് ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. എം.സി.എഫ് പ്രവർത്തനം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തിലേക്ക് മാറ്റും.

സ്ഥിരം എം.സി.എഫ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ 25 ലക്ഷം രൂപ (25,00,000) ബജറ്റിൽ നീക്കിവെക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് നൽകും.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ (25,00,000) വകയിരുത്തുന്നു . അടുക്കള മാലിന്യ സംസ്കരണം ലക്ഷ്യമാക്കി "കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ" പദ്ധതി നടപ്പാക്കും. ഇതിനായി 13 ലക്ഷം രൂപ (13,00,000) വകയിരുത്തുന്നു.

പ്രധാന അങ്ങാടികളെ ശുചിത്വമുള്ളതാക്കുന്നതിന് വ്യാപാരികളുടെ സഹായത്തോടെ കർമ്മ പദ്ധതികൾ ആവിഷ്കരിക്കും. അങ്ങാടികളുടെ ശുചീകരണത്തിന് താൽക്കാലിക തൊഴിലാളികളെ നിയമിക്കും.വാർഡ് തല ശുചിത്വ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കും. വാർഡ് തല ശുചിത്വ പരിപാടികൾക്ക് 7,20,000 രൂപ നീക്കിവെക്കുന്നു. വീടും പരിസരവും കൊതുക് ശല്ല്യം വളരുന്ന സാഹചര്യം ഒഴിവാക്കാൻ കുടുംബശ്രീ അയൽകൂട്ടങ്ങളുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. മികവ് പുലർത്തുന്ന അയൽകൂട്ടങ്ങൾക്ക് പ്രത്യേക അനുമോദനം നൽകും. ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജലനിർഗമനപാതകളും വൃത്തിയാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിസര ശുചിത്വം ഉറപ്പുവരുത്തും. സ്കൂളുകളിൽ ഹരിതസേന-എക്കോസെൻസ് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളെ ശുചിത്വ അംബാസിഡർമാരായി പ്രഖ്യാപിക്കും. അതിഥിതൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലെ മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംവിധാനം ഒരുക്കും.

<u>മലിനജല പ്രശ്നം</u>

കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും കുത്തി ഒലിക്കുന്ന മലിനജലം കൊണ്ട് പൊറുതി മുട്ടുന്ന പ്രദേശവാസികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാത്ത വിമാനത്താവളം അധികൃതരുടെ നിലപാട് പ്രതിഷേധാർഹമാണ്.

ചർച്ചകൾ മാത്രം നടത്തി അധികൃതർ പ്രശ്നപരിഹാരത്തിന് മുതിരുന്നില്ല. വിമാനത്താവളത്തിന്റെ CSR,CER ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ശ്രമങ്ങൾ തുടരും.

<u>വിദ്യാഭ്യാസം</u>

പഞ്ചായത്തിൽ 12 വിദ്യാലയങ്ങളാണുള്ളത്. ഇതിൽ രണ്ടു സർക്കാർ പ്രൈമറി വിദ്യാലയങ്ങളും ഉൾപ്പെടും. പഠനാന്തരീക്ഷം മികച്ചതാക്കാൻ പഞ്ചായത്ത് ഇടപെടും. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകും. പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കും.സ്കൂൾ കായിക കലാമേളകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കും. സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കും. വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപ (15,00,000) വകയിരുത്തുന്നു. തുല്യത പഠിതാക്കൾക്ക് തുടർ പഠനത്തിന് 2 ലക്ഷം രൂപ (2,00,000) വകയിരുത്തുന്നു.

<u>സ്മാർട്ട് അങ്കണവാടികൾ</u>

പഞ്ചായത്തിൽ 38 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം ഇല്ലാത്ത 2 എണ്ണവും സ്ഥലം ഇല്ലാത്ത ഒരു അങ്കണവാടിയും ഉണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. വൈദ്യുതിയും വെള്ളവും ഇല്ലാത്ത അങ്കണവാടികളിൽ ഇവ ലഭ്യമാക്കും.

അഞ്ചു വർഷം കൊണ്ട് എല്ലാ അങ്കണവാടികളും സ്മാർട്ട് ആക്കും. ഇതിനായി പ്രാഥമികമായി 15 ലക്ഷം രൂപ (15,00,000) വകയിരുത്തുന്നു. അങ്കണവാടികളുടെ നവീകരണത്തിനായി 20 ലക്ഷം രൂപ (20,00,000) നീക്കിവെക്കുന്നു.

അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിക്കായി 55 ലക്ഷം രൂപ(55,00,000) വകയിരുത്തുന്നു. അങ്കണവാടി കുട്ടികളുടെ കലോത്സവം സംഘടിപ്പിക്കും. അങ്കണവാടി കുട്ടികൾക്ക് കളിപ്പാട്ടം വാങ്ങുന്നതിന് നാല് ലക്ഷം രൂപയും (4,00,000) പാത്രങ്ങൾ വാങ്ങാൻ 6 ലക്ഷം രൂപയും(6,00,000) വകയിരുത്തുന്നു.

അങ്കണവാടി കെട്ടിടങ്ങളുടെ ചുവരുകളിൽ ആകർഷകരമായ ചിത്രങ്ങൾ പെയിന്റ് ചെയ്യുന്നതിന് 8 ലക്ഷം രൂപ(8,00,000) നീക്കിവെക്കുന്നു. അങ്കണവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ നൽകുന്നതിനായി നാല് ലക്ഷം രൂപ(4,00,000) വകയിരുത്തുന്നു.

എല്ലാ അങ്കണവാടികളിലും വൈഫൈ സംവിധാനം ഏർപ്പെടുത്തും രണ്ടുലക്ഷം രൂപ(2,00,000) നീക്കിവെക്കുന്നു.

<u>മൃഗസംരക്ഷണം</u>

മൃഗസംരക്ഷണം വരുമാനദായകമാക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിക്കും. ക്ഷീരകർഷകർക്ക് സബ്സിഡി നൽകും. ഇതിനായി 4 ലക്ഷം രൂപ വകയിരുത്തി. കറവപ്പശു കാലത്തീറ്റ വിതരണത്തിന് 6,25,000 രൂപയും ധാതുലവണ മിശ്രിത വിതരണത്തിന് 75,000 രൂപയും നീക്കിവെച്ചു.

ഓരോ വീട്ടിലും വളർത്തു കോഴി എന്ന പദ്ധതിക്ക് വേണ്ടി 9 ലക്ഷത്തി അമ്പതിനായിരം രൂപയും ആടുവിതരണത്തിന് 9 ലക്ഷം രൂപയും വകയിരുത്തി.

ക്ഷീരകർഷകരുടെ ക്ഷേമത്തിനായി 4 ലക്ഷം രൂപ വകയിരുത്തുന്നു. സൊസൈറ്റി മുഖേന നൽകുന്ന പാലിന് സബ്സിഡി അനുവദിക്കും.കരിപ്പൂർ ഭാഗത്ത് ക്ഷീരകർഷക സൊസൈറ്റി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സ്ഥലം വാങ്ങാൻ 25 ലക്ഷം രൂപ നീക്കിവെക്കുന്നു.

<u>തെരുവ് നായ ശല്ല്യം</u>

നാടിനെ ഭയാശങ്കയിലാഴ്ത്തുന്നതാണ് തെരുവ് നായകളുടെ പെരുപ്പം. ഏറെ വെല്ലുവിളികൾ നിറഞ്ഞ ഈ പ്രശ്നം പരിഹാരമാവേണ്ടതുണ്ട്. പേ വിഷബാധയിൽ നിന്നും മുക്തി നേടാൻ തെരുവ് നായ്ക്കൾക്ക് വാക്സിനേഷൻ നൽകും. അനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്കായി ‘പോർട്ടബിൾ എബിസി’ നടപ്പാക്കും. 7 ലക്ഷം രൂപ അനുവദിക്കുന്നു. കാലിക്കറ്റ് സർവകലാശാലയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക.

ആരോഗ്യമേഖല

ക്യാൻസർ രോഗം വ്യാപകമായ സാഹചര്യത്തിൽ സ്ത്രീകളിലെ സ്തനാർബുദ ക്യാൻസർ നിർണയം നടത്തും. നിർധനർക്ക് ചികിത്സാ സൗകര്യം ഉറപ്പാക്കും.

പരിരക്ഷ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 14 ലക്ഷം രൂപയും പരിരക്ഷ പദ്ധതിയിൽ മരുന്നു വാങ്ങാൻ 8 ലക്ഷം രൂപയും വകയിരുത്തുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ 5 ഉപകേന്ദ്രങ്ങളെ (വെൽനസ് സെന്റർ) ക്രിയാത്മകമായി പരിപോഷിപ്പിക്കും. ഇവയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആധുനികവത്കരണം നടത്തും.

ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങാൻ പത്ത് ലക്ഷം രൂപയും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ 5 ലക്ഷം രൂപയും വകയിരുത്തുന്നു.

ജീവിതശൈലി രോഗങ്ങൾ പരിശോധിക്കുവാൻ 'മൊബൈൽ ലാബ് ' സംവിധാനം ഏർപ്പെടുത്തും.

ആശാവർക്കർമാരുടെ എണ്ണം കുറവായതിനാൽ പ്രയാസം നേരിടുന്നുണ്ട്. ജനസംഖ്യ കൂടുതലുള്ള വാർഡുകളിൽ ഒന്നിലധികം ആശാവർക്കർമാരെ വിന്യസിക്കപ്പെടണം.

ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം വാങ്ങാൻ ഒരു ലക്ഷം രൂപ നീക്കിവെക്കുന്നു.

പഞ്ചായത്തിന് പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കാൻ സർക്കാറിനോട് ആവശ്യപ്പെടുകയാണ്. ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററിൽ മരുന്ന് ലഭ്യമാക്കാൻ 5 ലക്ഷം രൂപ വകയിരുത്തുന്നു.

വ്യായാമകേന്ദ്രങ്ങൾ

പൊതുജനാരോഗ്യം മുൻനിർത്തി എല്ലാ വാർഡിലും 'തുറന്ന വ്യായാമ കേന്ദ്രങ്ങൾ' ആരംഭിക്കും. സ്ഥലം ലഭ്യമായ ഇടത്തൊക്കെ ഓപ്പൺ ജിം സ്ഥാപിക്കാൻ 7 ലക്ഷം രൂപ പ്രാഥമികമായി വകയിരുത്തുന്നു. നടപ്പാതകൾ നിർമ്മിച്ച് വ്യായാമ സംവിധാനങ്ങൾ ഉണ്ടാക്കും.

## മിനി സ്റ്റേഡിയം

പള്ളിക്കൽ പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം മാത്രമാണുള്ളത്. പുളിയംപറമ്പിലാണ് സ്ഥിതി ചെയ്യുന്നത്.

പള്ളിക്കൽ മേഖലയിൽ സ്റ്റേഡിയം ഇല്ലാത്തത് ഒട്ടേറെ താരങ്ങൾക്ക് കളിച്ചുവളരാനുള്ള സാഹചര്യം നഷ്ടമായിരിക്കുന്നു. വാർഡ് തോറും കളിക്കളങ്ങൾ ഒരുക്കുകയാണ് പഞ്ചായത്തിന്റെ ലക്ഷ്യം. സ്ഥല ലഭ്യതയാണ് പ്രധാന തടസ്സം. പള്ളിക്കലിൽ മിനിസ്റ്റേഡിയം നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിന് വേണ്ടി 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

സ്ഥലം ലഭ്യമായാൽ മറ്റ് ഏജൻസികളുടെ സഹകരണത്തോടെ സ്റ്റേഡിയം നിർമ്മാണം നടത്തും.

## സ്ട്രീറ്റ് ലൈറ്റ്

എല്ലായിടത്തും വെളിച്ചം എത്തുമെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തും. സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുകയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും പ്രത്യേക പദ്ധതിയായി രൂപപ്പെടുത്തുന്നു. 21 ലക്ഷം രൂപ ഈ പദ്ധതിക്കായി മാറ്റിവയ്ക്കുന്നു.

സൌരോർജ്ജ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കാൻ കേന്ദ്ര സർക്കാർ സഹായത്തോടെ പദ്ധതി വിഭാവനം ചെയ്യും.

### സ്ട്രീറ്റ് ലൈറ്റ് ഗ്രീവൻസ് സംവിധാനം

ഗ്രാമപ്രദേശങ്ങളിലെ രാത്രി വെളിച്ചത്തിന് ഉപയോഗിക്കുന്ന തെരുവ് വിളക്കുകളെ എൽ.ഇ.ഡി ലൈറ്റായി മാറ്റും. തെരുവ് വിളക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് “സ്ട്രീറ്റ് ലൈറ്റ് ഗ്രീവൻസ് സംവിധാനം” നടപ്പാക്കും. ഓരോ തെരുവ് വിളക്കിനും പ്രത്യേകം സ്കാനർ ഉണ്ടാകും. ഇവ ഉപയോഗിച്ച് ഉപയോഗ ശൂന്യമായതിനെ കണ്ടെത്താനും സഹായകരമാകുന്ന പദ്ധതിയാണിത്.

പാരമ്പര്യമായ ഊർജ്ജസ്രോതസ്സുകളെ മാത്രം ആശ്രയിച്ചു നമുക്ക് മുന്നോട്ടു പോകാൻ കഴിയില്ല. സൌരോർജ്ജ പ്രവർത്തനത്തിന് എല്ലാ സഹകരണവും നൽകും. പഞ്ചായത്തിന്റെ സ്ഥാപനങ്ങളിൽ സോളാർ സംവിധാനം ഏർപ്പെടുത്തും.

വൃക്കരോഗികൾക്ക് സഹായം

ജീവിതത്തിനും മരണത്തിനും ഇടയിൽ ജീവിതം തള്ളി നീക്കുന്ന വൃക്ക രോഗികൾ വേവുന്ന നോവാണ്. ഡയാലിസിസ് ചെയ്യുന്നതിന് വരുന്ന ബാധ്യത ഒട്ടേറെ കുടുംബങ്ങളെ കടക്കെണിയിലാക്കിയിരിക്കുന്നു.

ഇവരെ സഹായിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് സഹായം നൽകാൻ 12 ലക്ഷം രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഭിന്നശേഷി സംരക്ഷണം

ബഡ്സ് സ്കൂൾ ഈ വർഷം പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി 16 ലക്ഷം രൂപയും ഉച്ചഭക്ഷണ പദ്ധതിക്ക് 26 ലക്ഷം രൂപയും വകയിരുത്തുന്നു. വിദ്യാർത്ഥികൾക്ക് വേണ്ടി ഫിസിയോ സ്പീച്ച് തെറാപ്പിസ്റ്റുമാരുടെ സേവനം ലഭ്യമാക്കും. ഇവരുടെ വേതനത്തിനായി 4 ലക്ഷം രൂപ വകയിരുത്തുന്നു.

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കാൻ നാല് ലക്ഷം രൂപ വകയിരുത്തുന്നു. സ്കോളർഷിപ്പ് നൽകാനായി 30 ലക്ഷം രൂപ നീക്കിവെക്കുന്നു ഭിന്നശേഷി കലാകായികമേള സംഘടിപ്പിക്കും.

വയോജന സംരക്ഷണം

ഇത് കേവലം ഒരു സാമൂഹിക സേവനമല്ല. മറിച്ച് നമ്മുടെ മൗലികമായ കടമയാണ്. ജീവിതത്തിന്റെ നല്ലകാലം കുടുംബത്തിനും സമൂഹത്തിനും വേണ്ടി മാറ്റിവെച്ചവരെ വാർദ്ധക്യത്തിൽ സ്നേഹത്തോടെയും അന്തസ്സോടെയും സംരക്ഷിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

പകൽ നേരങ്ങളിൽ വയോജനങ്ങൾക്ക് ഒത്തുചേരാനും സമയം ചെലവഴിക്കാനും സന്തോഷ നിമിഷങ്ങൾ സമ്മാനിക്കാനും ‘സന്തോഷപാർക്കുകൾ’ സ്ഥാപിക്കും.

നിലവിലെ പകൽ വീട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും. പുതിയ പകൽവീട് നിർമ്മാണത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

വയോജന കൂട്ടായ്മ, കലാകായിക മത്സരങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കും.

കുട്ടികളുടെ സംരംക്ഷണം

ചെറുപ്പത്തിലേ നീന്തൽ പഠിക്കാൻ സൗകര്യം ഏർപ്പെടുത്തും. ഇതിനായി മൂന്നുലക്ഷം രൂപ നീക്കിവെക്കുന്നു. ലഹരിക്കെതിരെ ബോധവൽക്കരണത്തിൽ കുട്ടികളെ പങ്കാളികളാക്കും. ബാലപാർലമെന്റ് നടത്തും. ബാലസഭ പ്രവർത്തനത്തിന് 25,000 രൂപ വകയിരുത്തുന്നു. പ്രതിഭ പുരസ്കാരങ്ങൾ സമ്മാനിക്കും.

കലാസാഹിത്യം

ഒട്ടേറെ കലാകാരന്മാർക്ക് ജന്മം നൽകിയ നാടാണ് പള്ളിക്കൽ കരിപ്പൂർ ദേശങ്ങൾ. വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച ഒട്ടേറെ കലാകാരന്മാർ ഇവിടെ ഉണ്ട്. നമ്മുടെ സാംസ്കാരിക മണ്ഡലത്തെ ഇന്നും സജീവമാക്കുന്ന കലാകാരന്മാർ നിരവധിയാണ്. പക്ഷേ വളരെ സക്രിയമായി പ്രവർത്തിക്കുന്ന ഇവർക്ക് ഒന്നിച്ചിരുന്ന് കഥ പറയാനോ പാട്ടുപാടാനോ സർഗ്ഗസാഹിത്യ സൃഷ്ടികൾ അവതരിപ്പിക്കാനോ പറ്റിയ ഒരു പൊതു ഇടം ഇല്ല എന്ന അപര്യാപ്തത പള്ളിക്കൽ പഞ്ചായത്തിലുണ്ട്. നമ്മുടെ സാംസ്കാരിക സന്ധ്യകളെ ഊർജ്ജസ്വലമാക്കുന്നതിനും കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ഉണർവേകുന്നതിനും ആയി ‘പീമ സ്ക്വയർ’ എന്ന പേരിൽ പൊതുവേദി സംഘടിപ്പിക്കും.

ഫെസ്റ്റിവൽ

വിവിധ സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ നാടിന്റെ നഷ്ടമായ കലാസൗകുമാരത്തെ വീണ്ടെടുക്കാൻ കലാഫെസ്റ്റിവൽ സംഘടിപ്പിക്കും.

പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ

പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകും. സാമ്പത്തിക പ്രയാസം കൊണ്ട് പഠനത്തിന് പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കും. ഇതിനായി 18 ലക്ഷം രൂപ വകയിരുത്തി. വീട് വെക്കാൻ ഭൂമിയില്ലാത്ത കുടുംബത്തിന് ഭൂമി വാങ്ങുന്നതിനും 6, 75,000 രൂപയും പഠനമുറി നിർമ്മിക്കാൻ ആറ് ലക്ഷം രൂപയും നീക്കിവെക്കുന്നു.

പെൺകുട്ടികളുടെ വിവാഹത്തിന് 'മാംഗല്യ താലി' പദ്ധതിക്കായി 12,50,000 രൂപ വകയിരുത്തുന്നു. നിർധനരായ കുടുംബങ്ങളുടെ വീടുകൾ വാസയോഗ്യമാക്കാൻ 25 ലക്ഷം രൂപ നീക്കിവെച്ചു.

ജലസ്രോതസ്സുകളുടെ സംരക്ഷണം

കാലം തെറ്റിപ്പെയ്യുന്ന മഴയും കടുത്ത വേനൽച്ചൂടും നമ്മുടെ പരിസ്ഥിതിയെയും താളം തെറ്റിക്കുന്നു. വികസന മുന്നേറ്റത്തിൽ വയലുകൾ കോൺഗ്രീറ്റ് സൗധങ്ങളാൽ നിറയുമ്പോൾ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വർദ്ധിക്കുകയാണ്. പ്രതിവർഷം നമ്മുടെ ഭൂജലത്തിന്റെ അളവിൽ കുറവ് രേഖപ്പെടുത്തുന്നു എന്നത് ആശങ്കാജനകമാണ്. ഭാവിയിലേക്കുള്ള കരുതലിനായി ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പൊതു കുളങ്ങൾ, സ്വകാര്യ ജലസ്രോതസ്സുകൾ, ഗ്രൗണ്ട് വാട്ടർ ടാപ്പിംഗ്, മഴവെള്ള സംഭരണി, തണ്ണീർത്തടങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ ജലസ്രോതസ്സുകളെ പരമാവധി സംരക്ഷിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമെന്ന് ഈ ബജറ്റിൽ ഉറപ്പു നൽകുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടുകോടി രൂപയുടെ നീർത്തടാതിഷ്ഠ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

ഇന്റലിജന്റ് പ്രോപ്പർട്ടി മാനേജ്മെന്റ് സിസ്റ്റം

പഞ്ചായത്തിലെ റോഡുകളുടെ എണ്ണം, അവയുടെ വിസ്തീർണ്ണം, ഡ്രൈനേജ്, പോസ്റ്റുകളുടെ കണക്ക്, കെട്ടിടങ്ങളുടെ എണ്ണം അങ്ങനെ പഞ്ചായത്തിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും നിമിഷങ്ങൾക്കകം വിരൽത്തുമ്പിൽ എത്തിക്കുന്നതിനുള്ള "ഇന്റലിജൻസ് പ്രോപ്പർട്ടി മാനേജ്മെന്റ് സിസ്റ്റം" നടപ്പാക്കും. ഈ സംവിധാനം നിലവിൽ വരുന്നതോടെ സാറ്റലൈറ്റിന്റെയും കമ്പ്യൂട്ടറിന്റെയും സഹായത്തോടെ സ്ഥലം സന്ദർശിക്കാതെ കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കാൻ സാധ്യമാകും.

കൃത്യമായ ആസൂത്രണത്തോടെ പ്രകൃതിദത്ത വിഭവങ്ങളെ ഉപയോഗപ്പെടുത്തി താഴെ തട്ടിലുള്ള വികസനം ഇതിലൂടെ സാധ്യമാവും. നികുതി സംഭരണം ചിട്ടപ്പെടുത്തുന്നതിനും സുതാര്യവൽക്കരിക്കുന്നതിനും സാധിക്കും.

ശാസ്ത്രീമായ ഗ്രാമസൂത്രണത്തിനും മികച്ച ഭരണസൗകര്യങ്ങൾക്കും ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സംവിധാനം വഴി സാധ്യമാകും.

ആസ്തികൾ സംരക്ഷിക്കും

പഞ്ചായത്തിന്റെ പേരിലുള്ള ഭൂമികളും വസ്തുവകകളും പലയിടത്തായിട്ടുണ്ട്. പലതും കൃത്യമായി സംരക്ഷിക്കപ്പെടാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ ആസ്തികൾ ഡിജിറ്റൽ സംവിധാനത്തിൽ ആക്കി സൂക്ഷിക്കും. ഐ.പി.എം സംവിധാനം നടപ്പാക്കാൻ 16,73,200 രൂപ നീക്കിവെക്കുന്നു.

വികസന സഭ

നാടിന്റെ വികസനത്തിന് എല്ലാവരെയും ചേർത്തുപിടിക്കും. പഞ്ചായത്തിന്റെ വികസനത്തിന് ഉപദേശനിർദ്ദേശങ്ങൾ നൽകാൻ വികസന ആസൂത്രണ സഭ രൂപീകരിക്കും. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, വ്യവസായികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച വികസനസഭ പഞ്ചായത്തിന്റെ വികസന മുന്നേറ്റത്തിനുള്ള ചാലകശക്തിയാവും.

ദേശീയ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. 4 കോടി രൂപയോളം തനത് വർഷം വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. മികച്ച പ്രവർത്തനത്തിന് ജില്ലാ തലത്തിൽ പുരസ്കാരം നേടുകയും സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതും അഭിമാന നേട്ടമാണ്. ഇതിന് വേണ്ടി പ്രവർത്തിച്ച NREGS ഉദ്യോഗസ്ഥരെ അഭിനന്ദിക്കുന്നു. 6095 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകി. 1126 കുടുംബങ്ങൾക്ക് തൊഴിൽദിനങ്ങൾ നൽകി.

നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് പ്രാമുഖ്യം നൽകി നീരുറവ് പദ്ധതി നടപ്പാക്കും. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളുടെ പരിസ്ഥിതി പുനസ്ഥാപനവും നീർച്ചാലുകളുടെയും നീർത്തടത്തിന്റെയും സമഗ്ര വികസനം

ലക്ഷ്യമാക്കിയാണ് ഈ പദ്ധതി. മെറ്റീരിയൽ പ്രവർത്തികളും പൂർത്തീകരിക്കും. 5 കോടി രൂപയുടെ കർമ്മപദ്ധതി തയ്യാറാക്കും.

വരുമാന വർദ്ധനവ്

സർക്കാറിന്റെ ഗ്രാന്റിനെ മാത്രം ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാവില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ പുതിയ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയു. കുറ്റമറ്റ നികുതി അസസ്മെന്റും പിരിക്കലും പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കാലങ്ങളിൽ വരുത്തിയിട്ടുണ്ട്.

കെട്ടിട കുടിശിക, ഓണർഷിപ്പ് റീ അസ്സസ്മെന്റ്, കെട്ടിട ഉപയോഗത്തിനനുസരിച്ച് നികുതി പിരിവ്, വിവിധ നികുതികളുടെ കാര്യക്ഷമമായ കണക്കാക്കലും പിരിവും, വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമവുമാക്കി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതാണ്. പരസ്യ നികുതി ഇനത്തിൽ വരുമാനം കണ്ടെത്തുന്നതാണ്.

പ്രൊഫഷണൽ ടാക്സ് പിരിപ്പിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കും.

ഇങ്ങിനെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഈ സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ മൂന്നിൽ ഒരു ഭാഗം പോലും ലൈസൻസ് നേടിയിട്ടില്ല എന്നത് വളരേ ഗൌരവതരമാണ്. D&O ലൈസൻസ് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമാക്കുകയും ലൈസൻസ് നൽകുവാൻ അദാലത്ത് സംഘടിപ്പിക്കുയും ചെയ്യും.

ഗ്രാമസഭകളിലൂടെ നികുതിയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തി നികുതി കുടിശ്ശിക ഒഴിവാക്കും.കേന്ദ്ര സംസ്ഥാന ഗ്രാന്റുകളെ മാത്രം ആശ്രയിക്കാതെ പഞ്ചായത്തുകളെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കാൻ ഈ നടപടികൾ സഹായിക്കും.

# 2026-27 ബജറ്റ്

## പ്രതീക്ഷിക്കുന്ന വരവിനങ്ങൾ

| ക്രമ നം | ഇനം | പ്രതീക്ഷിക്കുന്ന വരവ് |
|---|---|---|
| 1 | പ്രാരംഭ ബാക്കി | 9,60,70,976 |
| 2 | നികുതി വരവുകൾ | 3,50,50,000 |
| 3 | നികുതിയേതര വരവുകൾ | 1,28,56,000 |
| 4 | ജനറൽ പർപ്പസ് ഗ്രാന്റ് | 4,24,,20,000 |
| 5 | ആകെ തനത് ഫണ്ട് (പ്രാരംഭ ബാക്കി അടക്കം) | 18,63,96,976 |
| 6 | വികസന ഫണ്ട് - ജനറൽ | 4,88,68,000 |
| 7 | വികസന ഫണ്ട് – പട്ടികജാതി | 1,16,72,000 |
| 8 | കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം | ലഭ്യമായിട്ടില്ല |
| 9 | മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺറോഡ്) | 3,25,69,000 |
| 10 | വായ്പകൾ | 20,00,000 |
| 11 | സംയോജിത പദ്ധതികൾക്കുള്ള | 35,00,000 |

| | | |
|---|---|---|
| | വരവുകൾ | |
| 12 | കേന്ദ്രാവിഷ്കൃത പദ്ധതികൾ/സ്കീമുകൾ<br>(തൊഴിലുറപ്പ് മുതലായവ) | 5,00,00,000 |
| | | |
| 13 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ/സ്കീമുകൾ<br>(പെൻഷൻ ഉൾപ്പെടെ) | 20,46,70,000 |
| 14 | ഗുണഭോക്തൃ വിഹിതം, മറ്റു വരവുകൾ<br>(ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെ) | 2,01,78,605 |
| ആകെ വരവുകൾ | | 55,98,54,581 |



# പ്രതീക്ഷിക്കുന്ന ചെലവിനങ്ങൾ

| ക്രമ നം | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | അനിവാര്യ ചുമതലക്ക് വേണ്ടിയുള്ളവ | 7,04,10,000 |
| 2 | പദ്ധതിയിന ചെലവുകൾ (റവന്യൂ ചെലവുകൾ) | 17,67,87,605 |
| 3 | പദ്ധതിയേതര ചെലവുകൾ (വിവിധ പെൻഷനുകൾ ഉൾപ്പെടെ) | 25,46,70,000 |
| 4 | വായ്പ തിരിച്ചടവ് | 20,00,000 |
| ആകെ ചെലവുകൾ | | 50,38,67,605 |
| ആകെ വരവുകൾ | | 55,98,54,581 |
| നീക്കി ബാക്കി | | 5,59,86,976 |

# ബജറ്റ് വകയിരുത്തൽ ഒറ്റനോട്ടത്തിൽ

| ക്രമ നം | മേഖലകൾ | വകയിരുത്തിയ തുക |
|---|---|---|
| 1 | ഉത്പാദനം ( കാർഷികം ഉൾപ്പെടെ ) | 1,01,41,250 |
| 2 | വനിതക്ഷേമം | 50,76,640 |
| 3 | കുട്ടികൾ, ഭിന്നശേഷിക്കാർ | 48,07,000 |
| 4 | പട്ടികജാതിക്ഷേമം | 1,16,72,000 |
| 5 | ശുചിത്വ-മാലിന്യസംസ്കരണം | 1,41,24,424 |
| 6 | ഗ്രാമീണറോഡ് നിർമ്മാണം, നവീകരണം | 6,00,00,000 |
| 7 | കുടിവെള്ളം | 20,00,000 |
| 8 | വിദ്യാഭ്യാസം | 30,00,000 |
| 9 | വയോജനക്ഷേമം | 25,38,320 |
| 10 | ആരോഗ്യം | 35,52,000 |
| 11 | മൃഗസംരക്ഷണം | 47,65,700 |

| | | |
|---|---|---|
| 12 | ഭവന നിർമ്മാണം-നവീകരണം | 2,94,45,600 |
| 13 | കലാകായിക സംസ്കാരം | 15,00,000 |
| 14 | ക്ഷേമപ്രവർത്തനങ്ങൾ ( പെൻഷനുകൾ ഉൾപ്പെടെ) | 3,51,78,605 |
| 15 | തൊഴിലുറപ്പ് പദ്ധതി | 5,00,00,000 |
| 16 | സംയോജിത ശിശുവികസന പദ്ധതികൾക്ക് | 1,51,81,640 |
| 17 | മറ്റുള്ളവ | 9,78,84,426 |



# ഘടകസ്ഥാപനങ്ങൾക്ക്

പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ നടത്തിപ്പിനായി
പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുക

| ക്രമ.നം | ഘടക സ്ഥാപനം | വകയിരുത്തിയ തുക |
|---|---|---|
| 1 | കൃഷി ഓഫീസ് | 2,10,000 |
| 2 | ഹോമിയോ ആശുപത്രി | 4,50,000 |
| 3 | ആയുർവേദ ആശുപത്രി | 3,50,000 |
| 4 | സംയോജിത ശിശുവികസന സേവന പദ്ധതി | 30,000 |
| 5 | വില്ലേജ എക്സ്റ്റൻഷൻ ഓഫീസ് (വി.ഇ.ഒ) | 15,000 |
| 6 | ഗവ: പ്രൈമറി സ്കൂൾ | 20,000 |
| 7 | വെറ്റിനറി ആശുപത്രി | 1,50,000 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം | 4,00,000 |
| ആകെ | | 16,25,000 |

## ഉപസംഹാരം

പള്ളിക്കൽ പഞ്ചായത്തിന്റെ വളർച്ചക്കായി നമുക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവരെയും ഈ അവസരത്തിൽ പഞ്ചായത്തിന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി വികസന പ്രവർത്തനങ്ങളിൽ ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന എന്റെ സഹപ്രവർത്തകരെയും പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന് അക്ഷീണം പ്രവർത്തിക്കുന്ന ജീവനക്കാരെയും നന്ദിയോടെ സ്മരിക്കുന്നു.

തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടുകയും നല്ലതിനെ അംഗീകരിക്കുകയും ചെയ്യുന്ന പള്ളിക്കലിന്റെ പൗരാവലിയോടും ഈ ഭരണസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഓരോ ബജറ്റും പുതിയ തുടക്കമാണ്. കാതങ്ങൾ നീളുന്ന യാത്രയുടെ ആദ്യ ചുവടുവെപ്പാണ് ഈ ബജറ്റ്. ഇനിയുള്ള മാസങ്ങൾ വാഗ്ദാനങ്ങൾ പാലിക്കപ്പെടാൻ ഉള്ള പ്രവർത്തനങ്ങളുടേതാണെന്ന് ഉത്തമ ബോധ്യം നമുക്കുണ്ട്. ജനസേവ പ്രവർത്തനങ്ങൾക്കും നാടിന്റെ വികസനത്തിനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

*“ എവിടെ, സത്യത്തിന്റെ അഗാധതലങ്ങളിൽ നിന്നും*
*വാക്കുകൾ ഉദ്ഗമിക്കുന്നുവോ*
*എവിടെ, അക്ഷീണ പരിശ്രമം പൂർണ്ണതയിലേക്ക്*
*അതിന്റെ കൈകൾ നീട്ടുന്നുവോ*
*എവിടെ, ശുദ്ധമായ യുക്തിയുടെ പ്രവാഹം*
*മരവിച്ച ശീലങ്ങളുടെ മരുഭൂമിയിലെ മണലിൽ*
*വഴിമുട്ടാതിരിക്കുന്നുവോ*
*എവിടെ, ചിരവികസിതമായ ചിന്തയിലേക്ക്*
*മനസ്സിനെ നയിക്കുന്നുവോ*
*ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്ക്*
*എന്റെ ദൈവമേ, എന്റെ നാട് ഉണരണമേ..?*

“ഗീതാഞ്ജലിയിലൂടെ” ടാഗോർ പറഞ്ഞ വരികൾ സമ്മാനിച്ചുകൊണ്ട് അക്ഷീണമായ പരിശ്രമത്തിലൂടെ ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും പരിപാടികളും പൂർണ്ണതയിലേക്ക് എത്തിക്കാൻ നമുക്ക് യജ്ഞിക്കാം എന്ന് പ്രതീക്ഷയോടെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ജയ്ഹിന്ദ്..!

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വേണ്ടി

കെ.പി സക്കീർ
വൈസ് പ്രസിഡണ്ട്
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

